ഇ3.4853/94 ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ്,
തിരുവനന്തപുരം. തീയതി. 2.2.94.

**<u>സർക്കുലർ നം. 3/94</u>**

വിഷയം : ജീവനക്കരുടെ സ്ഥലമാറ്റ ഉത്തരവുകൾ സംബന്ധിച്ച്

അച്ചടക്ക നടപടിയുടെ ഭാഗമായി.ജീവനക്കാരെ സ്ഥലം മാറ്റാറുണ്ട്. അന്വേഷണവിധേയരായ ജീവനക്കാരെ സുഗമമായ അന്വേഷണത്തിനായി (സാക്ഷികളെ സ്വാധീനിക്കാതിരിക്കാൻ /തെളിവുകൾ നശിപ്പിക്കാതിരിക്കാൻ/ നിർഭയരായി സാക്ഷികൾക്ക് മൊഴി കൊടുക്കാൻ അവസരം സർക്കാർ തുടങ്ങിവയ്ക്കായി സ്ഥലം മാറ്റുന്നുണ്ട് . എന്നാൽ ഇങ്ങനെ നല്കുന്ന സ്ഥലം മാറ്റ ഉത്തരവ്കളിൽ ജീവനക്കാരെ മാറ്റാനുണ്ടായ കാരണം വ്യക്തമാകുന്നില്ല . എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഈ അഭാവം, ഉത്തരവുകൾ കോടതികളിൽചോദ്യം ചെയ്യുന്നതിനും മറ്റ് അധികാര കേന്ദ്രങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിനും കാരണമാകുന്നുണ്ട്.

2. അതിനാൽ അച്ചടക്ക ശിക്ഷണ നടപടികളുടെ ഭാഗമായോ/തീർപ്പായോ ജീവനക്കാരെ മാറ്റുംപോഴും അന്വേഷണസൗകര്യത്തിനായി മാറ്റുംപോഴും പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ സ്ഥലം മാറ്റത്തിനുള്ള കാരണം വ്യക്തമാക്കിയിരിക്കേണ്ടതാണ്.

(ഒപ്പ്)
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ജനറൽ)

പകർപ്പ് എല്ലാ ചീഫ് ഫോറസ്റ് കൺസർവേറ്റർമാർക്കും /എല്ലാ കൺസർവേറ്റർമാർക്കും

** ** **

**<u>മേലേഴുത്ത് നം. ഇ1.1029/94(.തീ) 4.3.94</u>**

പകർപ്പ് ടെക്നിക്കൽ അസിസ്റ്റന്റ് /അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ്/അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് .സീനിയർ
സൂപ്രണ്ട്/ജൂനിയർ സൂപ്രണ്ട് (2) എന്നിവർക്ക്
പകർപ്പ ഇ2 സെക്ഷനിലേക്ക്
പകർപ്പ സ്റ്റോക്ക് ഫയലിലേക്ക്.

(ഒപ്പ്)
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്,
തൃശ്ശൂർ

അംഗീകാരത്തോടെ/
സുപ്രണ്ട്